**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**
**4451** **13.11.2019-ൽ മറുപടിയ്ക്ക്**

**സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. സ്വരാജ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എം. മുകേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നവോത്ഥാന നായകന്മാരുടെ സ്മാരകമായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ, പ്രമുഖ നവോത്ഥാന സാംസ്കാരിക നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം. പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടു വരുന്നു. |
| (ബി) സാംസ്കാരിക സ്ഥാപനങ്ങളുടെയും വകുപ്പിന് കീഴിലുള്ള അക്കാദമികളുടെയും വാർഷിക ഗ്രാന്റുകൾ ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ, വിശദാംശം നൽകുമോ, | (ബി) ഉണ്ട്, വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് മുഖേനയും സാംസ്കാരിക ക്ഷേമനിധി ബോർഡ് മുഖേനയും നൽകി വരുന്ന പെൻഷൻ തുകയിൽ ഈ സർക്കാർ എത്ര വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സാംസ്കാരിക വകുപ്പ് മുഖാന്തിരം നൽകി വരുന്ന കലാകാര പെൻഷൻ 24.10.2016-ലെ സ.ഉ.(എം. എസ്) നമ്പർ. 19/2016/സാം.കാ.വ പ്രകാരം 750/- രൂപയിൽ നിന്നും 1500/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ സാംസ്കാരിക ക്ഷേമനിധി ബോർഡ് മുഖേന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകി വരുന്ന കലാകാര പെൻഷൻ 03/12/2016-ലെ സ.ഉ.(എം. എസ്) നമ്പർ 22/2016/സാം.കാ.വ പ്രകാരം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായും 16.08.2017-ലെ സ.ഉ.(എം. എസ്) നമ്പർ. 24/2017/സാം.കാ.വ പ്രകാരം 2000/- രൂപയിൽ നിന്നും 3000/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം : 1

### ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക്/സമിതികൾക്ക്/സംഘടനകൾക്ക്/സ്മാരകങ്ങൾക്ക് വർദ്ധിപ്പിച്ച നൽകിയ വാർഷിക/ആവർത്തന ഗ്രാന്റ് സംബന്ധിച്ച വിശദ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനം | മുൻ വാർഷിക/ആവർത്തന ഗ്രാന്റ് | വർദ്ധിപ്പിച്ച വാർഷിക/ആവർത്തന ഗ്രാന്റ് |
|---|---|---|---|
| 1. | രംഗപ്രഭാത് ചിൽഡ്രൻസ് തിയേറ്റർ, വെഞ്ഞാറമൂട്, തിരുവനന്തപുരം | 2,00,000/- രൂപ | 10,00,000/- രൂപ |
| 2. | എം.ബി.എസ്. യൂത്ത് ക്വയർ ലെനിൻ, ബാലവാടി, വഴുതക്കാട്, തിരുവനന്തപുരം | 10,000/- രൂപ | 5,00,000/- രൂപ |
| 3. | മഹാകവി ഉള്ളൂർ സ്മാരകം, ജഗതി, തിരുവനന്തപുരം | 50,000/- രൂപ | 5,00,000/- രൂപ |
| 4. | കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശി മംഗലം, ലക്കിടി, പാലക്കാട് | 4,00,000/- രൂപ | 5,00,000/- രൂപ |
| 5. | സഹോദരൻ അയ്യപ്പൻ സ്മാരകം, ചേറായി, എറണാകുളം | 1,00,000/- രൂപ | 5,00,000/- രൂപ |
| 6. | പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ, തിരുവനന്തപുരം | 50,000/- രൂപ | 5,00,000/- രൂപ |
| 7. | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം | 15,00,000/- രൂപ | 25,00,000/- രൂപ |
| 8. | വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റ്, തിരുവനന്തപുരം | 5,00,000/- രൂപ | 25,00,000/- രൂപ |
| 9. | ഗാന്ധി സേവാ സദൻ കഥകളി കേന്ദ്രം, പേരൂർ, പാലക്കാട് | 10,00,000/- രൂപ | 25,00,000/- രൂപ |
| 10. | തുഞ്ചൻ സ്മാരകം, തിരൂർ, മലപ്പുറം | 19,80,000/- രൂപ | 50,00,000/- രൂപ |
| 11. | ഉണ്ണായി വാര്യർ സ്മാരക കലാനിലയം, ഇരിങ്ങാലക്കുട, തൃശ്ശൂർ | 25,00,000/- രൂപ | 50,00,000/- രൂപ |
| 12 | സരസകവി മൂലൂർ സ്മാരകം, ഇലവുംതിട്ട, പത്തനംതിട്ട | 10,00,000/- രൂപ | 15,00,000/- രൂപ |

## അനുബന്ധം : 2

**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ അക്കാദമികൾക്ക് വിവിധ സാമ്പത്തിക വർഷങ്ങളിലായി പദ്ധതി/പദ്ധതിയേതര ഗ്രാന്റുകൾ അനുവദിച്ചത് സംബന്ധിച്ച വിശദ-വിവരങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | | 2016-17 | 2017-18 | 2018-19 | 2019-2020 |
|---|---|---|---|---|---|---|
| 1. | കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ | പദ്ധതി | 2,45,00,000/- രൂപ | 2,85,00,000/- രൂപ | 3,00,00,000/- രൂപ | 3,00,00,000/- രൂപ |
| | | പദ്ധതിയേതരം | 1,16,90,000/- രൂപ | 1,28,59,000/- രൂപ | 1,35,01,000/- രൂപ | 1,41,76,000/- രൂപ |
| 2. | കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ | പദ്ധതി | 4,04,00,000/- രൂപ | 4,90,00,000/- രൂപ | 5,10,00,000/- രൂപ | 5,10,00,000/- രൂപ |
| | | പദ്ധതിയേതരം | 1,05,20,000/- രൂപ | 1,15,72,000/- രൂപ | 1,21,50,000/- രൂപ | 1,21,50,000/- രൂപ |
| 3. | കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ | പദ്ധതി | 4,25,00,000/- രൂപ | 4,75,00,000/- രൂപ | 5,00,00,000/- രൂപ | 5,00,00,000/- രൂപ |
| | | പദ്ധതിയേതരം | 1,63,66,000/- രൂപ | 1,80,02,000/- രൂപ | 1,89,02,000/- രൂപ | 1,89,02,000/- രൂപ |
| 4. | കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ | പദ്ധതി | 1,90,00,000/- രൂപ | 2,20,00,000/- രൂപ | 2,40,00,000/- രൂപ | 2,40,00,000/- രൂപ |
| | | പദ്ധതിയേതരം | 23,74,000/- രൂപ | 26,11,000/- രൂപ | 27,41,000/- രൂപ | 28,78,000/- രൂപ |
| 5. | കേരള ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം | പദ്ധതി | 5,10,00,000/- രൂപ | 5,65,00,000/- രൂപ | 7,75,00,000/- രൂപ | 11,00,00,000/- രൂപ |
| | | പദ്ധതിയേതരം | 2,84,17,000/- രൂപ | 3,05,06,000/- രൂപ | 3,20,31,000/- രൂപ | 3,50,24,000/- രൂപ |
| 6. | മോയിൻകുട്ടി മാപ്പിളകലാ അക്കാദമി, മലപ്പുറം | പദ്ധതി | - | 5,00,000/- രൂപ | 5,00,000/- രൂപ | 5,00,000/- രൂപ |
| | | പദ്ധതിയേതരം | 60,50,000/- രൂപ | 66,55,000/- രൂപ | 69,87,000/- രൂപ | 69,87,000/- രൂപ |
| 7. | കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം | പദ്ധതി | - | - | - | - |
| | | പദ്ധതിയേതരം | 5,00,000/- രൂപ | 5,00,000/- രൂപ | 5,00,000/- രൂപ | 5,00,000/- രൂപ |